# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 10 | 28.01.2019 ൽ മറുപടിയ്ക്ക് |
|---|---|
| **വനിത മതിലിനായി ഉപയോഗപ്പെടുത്തിയ സർക്കാർ സംവിധാനങ്ങൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ.സി.ജോസഫ്**<br>**,, ഹൈബി ഈഡൻ**<br>**,, വി.പി.സജീന്ദ്രൻ**<br>**,, അടൂർ പ്രകാശ്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ജനുവരി ഒന്നിന് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ വനിത മതിൽ തീർക്കുന്നതിന് സർവ്വീസ് സംഘടനകൾ വഴി ജീവനക്കാരിൽ സമ്മർദ്ദം ചെലുത്തിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ പുതിയ അധ്യായം ചേർത്തുകൊണ്ടാണ് വനിതാ മതിൽ സൃഷ്ടിക്കപ്പെട്ടത്. സ്ത്രീ ശാക്തീകരണത്തിന്റെ പുതിയ അധ്യായമായി വനിതാമതിൽ മാറി. വനിതാ ജീവനക്കാരുൾപ്പെടെ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരും വനിതാമതിലിനായുള്ള തയ്യാറെടുപ്പുകളിലും ഐക്യദാർഢ്യപ്രകടനങ്ങളിലും നിരന്തരം പങ്കെടുത്തുകൊണ്ടിരുന്നു. നവോത്ഥാനവും സ്ത്രീ-പുരുഷ സമത്വവും കേരളീയ സമൂഹമാകമാനം ചർച്ച ചെയ്യുന്ന ഒന്നായി മാറി. സ്ത്രീ പുരുഷനോടൊപ്പം പരിഗണിക്കപ്പെടേണ്ട വ്യക്തിയാണെന്ന ഒരു വിദ്യാഭ്യാസ പ്രക്രിയ തന്നെയായി വനിതാമതിലിന്റെ പ്രചരണം. നവോത്ഥാനം മുന്നോട്ടുവച്ച നേട്ടങ്ങളെ സംരക്ഷിക്കാനും അതിനെ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാനുമുള്ള പ്രയത്നമായിരുന്നു വനിതാമതിൽ. കേരളത്തിലെ സംസ്ഥാന ജീവനക്കാരും അവരുടെ സംഘടനകളും യാതൊരുവിധ നിർബന്ധവുമില്ലാതെയാണ് ഇതിന്റെ പ്രചരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതും പങ്കെടുത്തതും. |

| | |
|---|---|
| (ബി) സ്ത്രീകളായ എല്ലാ സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും വനിത മതിലിൽ പങ്കെടുക്കുന്നതിന് സർക്കാർ തലത്തിൽ എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത്; | (ബി) സർവ്വീസ് സംഘടനാ നേതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വനിതാമതിലിൽ പങ്കെടുക്കുന്നതിന് താൽപ്പര്യമുള്ള ജീവനക്കാർക്കും അധ്യാപകർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും ആഫീസ് ജോലികൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ പങ്കെടുക്കാൻ കഴിയുന്ന രീതിയിൽ ആവശ്യമായ ആഫീസ് ക്രമീകരണം നടത്തുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ജനുവരി ഒന്നാം തീയതി നടത്തുവാനിരുന്ന വിവിധ യൂണിവേഴ്സിറ്റി പരീക്ഷകൾ വനിത മതിലിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി മാറ്റി വയ്ക്കുകയുണ്ടായോ; | (സി)വനിതാമതിലിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി യൂണിവേഴ്സിറ്റി പരീക്ഷകളൊന്നും മാറ്റി വച്ചിട്ടില്ല. |
| (ഡി) മതിലിനായി സർക്കാരിന്റെ ഏതൊക്കെ സംവിധാനങ്ങളാണ് ഉപയോഗിച്ചത്; വിശദമാക്കുമോ; | (ഡി) സർക്കാരിന്റെ സംവിധാനങ്ങൾ ഉപയോഗിച്ചല്ല. നവോത്ഥാനമൂല്യ സംരക്ഷണസമിതിയുടെ മേൽനോട്ടത്തിലും സംഘാടനത്തിലുമായിരുന്നു വനിതാമതിൽ സംഘടിപ്പിച്ചത്. വനിതാമതിൽ ഉയർത്തിയ ആശയങ്ങൾ നവോത്ഥാനവും ഭരണഘടന ഉറപ്പുനൽകുന്ന സ്ത്രീ-പുരുഷ സമത്വവുമാകയാൽ സർക്കാർ പിന്തുണയ്ക്കുകയാണുണ്ടായത്. ശബരിമല സ്ത്രീപ്രവേശം സംബന്ധിച്ച സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ചില വിഭാഗങ്ങൾക്കിടയിൽ വേർതിരിവിനുള്ള ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കുന്ന ഒന്നായിക്കണ്ടാണ് വനിതാമതിലിന് സർക്കാർ പിന്തുണ നൽകിയത്. |

| | |
|---|---|
| (ഇ) പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട് കഷ്ടപ്പെടുന്ന ജനങ്ങൾക്ക് സമയബന്ധിതമായി ആശ്വാസം എത്തിക്കുന്നതിന്, നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുവാനെന്ന പേരിൽ രാഷ്ട്രീയ ലക്ഷ്യത്തോടെ നടത്തിയ ഇത്തരം പരിപാടികൾ തടസ്സമായിട്ടുണ്ടോ എന്നത് പരിശോധനക്ക് വിധേയമാക്കുമോ ; വ്യക്തമാക്കാമോ? | (ഇ) ഈ തലമുറ കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് ആഗസ്റ്റ് മാസത്തിലുണ്ടായത്. പ്രളയകാലത്ത് രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും പുനർനിർമ്മാണ പ്രവർത്തനങ്ങളും ലോകത്തിന് മാതൃകയായി നിർവ്വഹിച്ച സംസ്ഥാനമാണ് നമ്മുടേത്. വിഭവസമാഹരണവും ആസൂത്രണത്തിന്റെ കൃത്യതയും നിർവ്വഹണത്തിന്റെ ചടുലതയും മേൽനോട്ടത്തിന്റെ ജാഗ്രതയും സൂക്ഷ്മമായി ഏകോപിപ്പിച്ചാണ് പ്രളയത്തിന്റെ അതിജീവനം സാധ്യമായത്. മത്സ്യത്തൊഴിലാളികളും, യുവാക്കളും പ്രവാസികളും സാധാരണ ജനങ്ങളും ഉദ്യോഗസ്ഥരും ഒരേമനസ്സോടെ ദുരന്തത്തെ നേരിടാൻ കൈകോർത്തു. പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഘട്ടമാണിപ്പോൾ. ആ ചുമതല പഴുതുകളില്ലാതെ കൃത്യതയോടെ നിർവ്വഹിക്കും. ഒന്നര നൂറ്റാണ്ടുകാലം നീണ്ടുനിന്ന നവോത്ഥാന പരിശ്രമത്തിന്റെ ശ്രമഫലമാണ് ഇന്നു കാണുന്ന ആധുനിക കേരളം. ആ ആശയങ്ങളെ തുടച്ചുനീക്കി ദുരാചാരങ്ങൾ തിരിച്ചുകൊണ്ടുവരുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വം ശ്രമിക്കുമ്പോൾ അതിനെതിരായ ചെറുത്തുനില്പാണ് വനിതാമതിൽ പോലുള്ള ജനമുന്നേറ്റങ്ങൾ. അത് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളെയോ പുനർനിർമ്മാണ പ്രവർത്തനങ്ങളെയോ ഒരു തരത്തിലും ബാധിക്കുന്നതല്ല. അതൊരു സാംസ്കാരിക മുന്നേറ്റത്തിന്റെ അടയാളമാണ്. |

സെക്ഷൻ ഓഫീസർ